തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കാൻ നടപടി

*13 [325] ശ്രീ. ടി. പി. രാമകൃഷ്ണൻ:
,, കെ. രാധാകൃഷ്ണൻ:
,, കെ. പി. സതീശ് ചന്ദ്രൻ:
,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായ മേഖലയിലും അസംഘടിത മേഖലയിലും പണിയെടുക്കുന്നവരുടെ തൊഴിലും കൂലിയും സംരക്ഷിക്കാൻ എന്തെല്ലാം നടപടികളും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ;

(ബി) സർക്കാർ പ്രഖ്യാപിച്ച മിനിമം കൂലി ബന്ധപ്പെട്ട എല്ലാ മേഖലയിലും നൽകിവരുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ടോ;

(സി) ഈ മിനിമം കൂലി നൽകാതിരിക്കുന്ന തൊഴിൽ മേഖലയെ സംബന്ധിച്ച് വിവരം ലഭിച്ചിട്ടുണ്ടോ, എങ്കിൽ വിശദാംശം നൽകുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയിലും അസംഘടിത മേഖലയിലും പണിയെടുക്കുന്നവരുടെ തൊഴിലും കൂലിയും സംരക്ഷിക്കാൻ നിയമപരമായ വ്യവസ്ഥകളും നിലവിലുണ്ട്. തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ സ്ഥാപനങ്ങൾ പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു. ഉടമയും തൊഴിലാളികളും തമ്മിൽ തർക്കങ്ങൾ ഉണ്ടായാൽ, 1947-ലെ തൊഴിൽ തർക്ക നിയമമനുസരിച്ച് തൊഴിൽ വകുപ്പിലെ അനുരഞ്ജന ഉദ്യോഗസ്ഥൻമാർ ഇടപെട്ട് പ്രശ്നം ഒത്തു തീർപ്പാക്കാറുണ്ട്. അനുരഞ്ജനത്തിനായുള്ള എല്ലാ പരിശ്രമവും പരാജയപ്പെടുന്ന പക്ഷം വ്യവസായ തർക്ക നിയമത്തിലെ 12(4) വകുപ്പനുസരിച്ചുള്ള പരാജയ റിപ്പോർട്ട് ഗവൺമെൻറിലേക്ക് അയയ്ക്കുന്നു. ഗവൺമെൻറ് അത് പരിശോധിച്ച് പ്രശ്നം അഡ്ജൂഡിക്കേഷന് വിടുന്നു. പരമ്പരാഗത വ്യവസായ മേഖലകളായ കയർ, കശുവണ്ടി എന്നീ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ വേതനം, ബോണസ് എന്നീ വിഷയങ്ങൾ ടി മേഖലയ്ക്കുവേണ്ടി രൂപീകരിച്ചിട്ടുള്ള വ്യവസായ ബന്ധ സമിതികളിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കാറുണ്ട്.

(ബി) തൊഴിൽ വകുപ്പിലെ അസിസ്റ്റൻറ് ലേബർ ഓഫീസർമാരും ഇൻസ്പെക്ടർമാരായി നിയമിച്ചിട്ടുള്ള മറ്റ് ഉദ്യോഗസ്ഥൻമാരും 1948-ലെ മിനിമം വേതന നിയമപ്രകാരം പരിശോധനകൾ നടത്തി, മിനിമം കൂലി നടപ്പിലാക്കിയിട്ടുള്ള എല്ലാ മേഖലകളിലും മിനിമം വേതനം നൽകിവരുന്നുണ്ടെന്ന് ഉറപ്പു വരുത്താറുണ്ട്. തൊഴിലാളികൾ വളരെ കൂടുതലുള്ള കശുവണ്ടി, കയർ, മത്സ്യ സംസ്കരണം എന്നീ മേഖലകളിൽ ഇതിനായി പ്രത്യേക സ്ക്വാഡ് നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കശുവണ്ടി മേഖലയിൽ സ്വകാര്യ വ്യവസായികൾ മിനിമം വേതന നിയമം പൂർണ്ണമായി നടപ്പിലാക്കുന്നില്ല എന്ന പരാതി വ്യവസായ ബന്ധ സമിതി കൂടിയ അവസരത്തിൽ യൂണിയൻ പ്രതിനിധികൾ ഉന്നയിച്ചിട്ടുണ്ട്. കശുവണ്ടി ഫാക്ടറികളിൽ പരിശോധനകൾ നടത്തുന്നതിനും, തുടർ നടപടികൾ സ്വീകരിക്കുന്നതിനും എൻഫോഴ്സ്മെൻറ് സ്ക്വാഡുകൾ സർക്കാർ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. സ്ക്വാഡുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും എൻഫോഴ്സ്മെൻറ് റിവ്യൂ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

കയർ മേഖലയിൽ പ്രഖ്യാപിച്ച നിശ്ചിത കൂലി ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എൻഫോഴ്സ്മെൻറ് ആൻഡ് മോണിറ്ററിംഗ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനഫലമായി ഇക്കാര്യത്തിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്.

ദേശസാൽകൃത റൂട്ടുകൾ സ്വകാര്യവൽക്കരിക്കുന്ന നടപടി

*14 [326] ശ്രീ. ഷിബു ബേബിജോൺ:
,, ടി. എം. ജേക്കബ്:
,, ജോണി നെല്ലൂർ:
,, കെ. ബി. ഗണേഷ്കുമാർ:
,, ആർ. ബാലകൃഷ്ണ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും ദേശസാൽകൃത റൂട്ടുകൾ സ്വകാര്യവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ദേശസാൽകൃത റൂട്ടുകളിൽ എവിടെയെങ്കിലും സ്വകാര്യ ബസ്സുകൾക്ക് താൽക്കാലികമോ സ്ഥിരമോ ആയിട്ടുള്ള പെർമിറ്റ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ഡി) ദേശസാൽകൃത റൂട്ടുകളിലും ദേശീയ പാതകളിലും ലാഭകരമായിരുന്ന കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ, ബി) കോട്ടയം—കട്ടപ്പന റൂട്ട് സ്വകാര്യവൽക്കരിക്കുന്നതിനുള്ള നിർദ്ദേശം മുൻപ് സർക്കാർ പരിഗണനയിലുണ്ടായിരുന്നു.

(സി) വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

(ഡി) ദേശസാൽകൃത റൂട്ടുകളിലും ദേശീയ പാതകളിലും ലാഭകരമായിരുന്ന സർവ്വീസുകളൊന്നും നിർത്തലാക്കിയിട്ടില്ല.

ജൈവ സാങ്കേതിക വിദ്യധിഷ്ഠിത വ്യവസായങ്ങൾ

*15 [327] ശ്രീ. ബിനോയ് വിശ്വം:
,, പി. നാരായണൻ:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly